## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3121 — 21.08.2017 - ൽ മറുപടിക്ക്.

## കുടുംബശ്രീ - ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സംയുക്തപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS) എന്ന സ്ഥാപനവുമായി ചേർന്ന് കുടുംബശ്രീ ഏതെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഒരു വർഷം ദൈർഘ്യമുള്ള "പി.ജി. ഡിപ്ലോമ ഇൻ ഡവലപ്മെന്റ് പ്രാക്സിസ്" ആരംഭിക്കുന്നതിന് 6/8/2014-ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിരുന്നു. ആയതു പ്രകാരം ക്ലാസുകൾ ആരംഭിക്കുകയും പഠനം പൂർത്തീകരിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെ കുടുംബശ്രീ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ; | (ബി) | നാളിതുവരെ 26 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി കുടുംബശ്രീ ചെലവഴിച്ചിട്ടുണ്ട്. (പ്ലാൻ ഫണ്ടിൽ നിന്നും 18 ലക്ഷം രൂപയും, എസ്.റ്റി ഫണ്ടിൽ നിന്ന് 8 ലക്ഷം രൂപയും ഉൾപ്പെടെ). |
| (സി) | ദാരിദ്ര നിർമ്മാർജ്ജന മിഷന്റെ ഭാഗമായി വനിതകൾക്ക് പ്രസ്തുത പദ്ധതിയിൽ കൂടി ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതിയുടെ ഭാഗമായി 37 വനിതകൾക്ക് ഒരു വർഷം ദൈർഘ്യമുള്ള പി.ജി ഡിപ്ലോമ പഠനത്തിന് അവസരം ലഭിക്കുകയും, അവർക്ക് ഡവലപ്മെന്റ് പ്രാക്സിസ് ബിരുദാനന്തര ബിരുദ ഡിപ്ലോമ ലഭിക്കുകയും ചെയ്തു. |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച പുരോഗതി കുടുംബശ്രീ മിഷൻ വിലയിരുത്തി യിട്ടുണ്ടോ;വിശദീകരിക്കാമോ? | (ഡി) | ഇതുവരെ വിലയിരുത്തിയിട്ടില്ല; പദ്ധതി പുരോഗതി വിലയിരുത്താൻ വേണ്ടി പ്രോഗ്രാം ഓഫീസർ (സംഘടന), ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (ലൈവ്‌ലി ഹുഡ്), സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ